# തബ്‌ലീഗിസവും സൂഫിസവും

മായിൻകുട്ടി സുല്ലമി

സൂഫികളുടെ ത്വരീഖത്തുകളിൽ സ്ഥാപിതമായ വിഭാഗമാണ് തബ്‌ലീഗ് ജമാഅത്ത്. സ്ഥാപകൻ മുഹമ്മദ് ഇൽയാസ് ഒരു തികഞ്ഞ സൂഫിയും ചിശ്‌ത്തി ത്വരീഖത്തുകാരനുമാണ്. തബ്‌ലീഗുകാരുടെ ട്രെയിനിംഗ് പുസ്തകം 'അമലുകളുടെ മഹത്വങ്ങൾ' എഴുതിയ മുഹമ്മദ് സകരിയ്യ അനവധി മുരീദൻമാരുള്ള ശൈഖായിരുന്നു. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ സൂഫീക്കഥകൾകൊണ്ട് നിറഞ്ഞതാണ്. അദ്ദേഹം തുറന്ന് എഴുതി, "എന്നാൽ സൂഫിയാക്കളെ സംബന്ധിച്ചുള്ള സംഭവങ്ങൾക്ക് ചരിത്രത്തിൻെറ സ്ഥാനം അതിന് നൽകപ്പെടേണ്ടതാണ്." നമസ്കാരത്തിൻെറ മഹത്വങ്ങൾ പേ: 142. ഇൻആമുൽ ഹസൻ നാലു ത്വരീഖത്തുകളുടെ ശൈഖാണ്.

സൂഫികൾ വെളിപാടും മരിച്ചവരുമായുള്ള ബന്ധവും അവകാശപ്പെടുന്നവരാണ്. അവർ അല്ലാഹുവിൽ വിലയം പ്രാപിക്കുമെന്ന് ജൽപിക്കുന്നു. ഖിള്ർ നബിയുമായി നിരന്തര സമ്പർക്കം പുലർത്തുമത്രെ. ഖബർ പൂജയും, ഖൽവത്തും, ഗൈബ് പറയലും, അത്ഭുതങ്ങൾ പ്രകടിപ്പിക്കലും സൂഫികൾക്ക് സാധാരണമാണ്. വഹ്ദത്തുൽ വുജൂദും സ്വപ്ന ചികിത്സയും സൂഫികൾ പ്രചരിപ്പിക്കുന്നു. പ്രപഞ്ചഭരണംതന്നെ അവരുടെ കൈയ്യിലാണെന്നാണ് ഖുറാഫാത്ത് മതം. മാലകളും മൗലിദുകളും റാത്തീബുകളും ഖുത്തുബിയ്യത്തുകളും സൂഫികളുണ്ടാക്കി. അവർക്ക് സ്വന്തമായ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ഉണ്ട്. കത്തികൊണ്ട് കഴിയാത്ത ഹിംസ അവർക്ക് ഭക്തി കൊണ്ട് സാധിക്കും. യാതൊരു ലൈസൻസും അവർക്കില്ല. ഏറെക്കുറെ ഇതേ സ്വഭാവം തന്നെയാണ് തബ്‌ലീഗുകാർക്കും ഉള്ളത്. സൂഫികളുടെ പ്രേമവും ലഹരിയും തബ്‌ലീഗുകാർക്കുണ്ട്. രണ്ടിനെയും ഒരേ അച്ചിലാണ് വാർത്തത്.

അല്ലാഹുവിനെക്കുറിച്ചും അവൻെറ റസൂലിനെക്കുറിച്ചും ഇക്കൂട്ടരുടെ ഫദായിൽ കിത്താബിൽ കാണുന്ന കഥകൾ വായിച്ചാൽ ഞെട്ടുകതന്നെ ചെയ്യും. സ്വലാത്തിൻെറ പേരിൽ അവർ റസൂലിൻെറ പേരിൽ എഴുതിയത് വായിക്കണം. "ഹാഫിള് അബൂനഈം (റഹ്) അവർകൾ ഹസ്രത്ത് സുഫ്‌യാനുസ്സൗരി അവർകളിൽ നിന്നും നിവേദനം ചെയ്യുന്നു. ഞാൻ ഒരു പ്രവാശ്യം വെളിയിൽ പോകുകയായിരുന്നു. ഒരു ചെറുപ്പക്കാരനെ കണ്ടു.

അയാൾ കാൽ എടുക്കുമ്പോഴും വെക്കുമ്പോഴും 'അല്ലാഹുമ്മസ്വല്ലി അലാ മുഹമ്മദ്' എന്ന് ചൊല്ലിക്കൊണ്ടേയിരിക്കുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു. എന്തെങ്കിലും ഇൽമിയായ രേഖയുടെ അടിസ്ഥാനത്തിലാണോ നീ ഇപ്രകാരം ചെയ്യുന്നത്? അതല്ല,

സ്വന്തം അഭിപ്രായപ്രകാരമാണോ? അദ്ദേഹം ചോദിച്ചു. നിങ്ങൾ ആരാണ്: ഞാൻ പറഞ്ഞു സുഫ്യാനുസ്സൗരി (റഹ്). അദ്ദേഹം ചോദിച്ചു. ഇറാഖിലെ സുഫ്യാൻ ആണോ? ഞാൻ പറഞ്ഞു. അതെ. അദ്ദേഹം ചോദിച്ചു. നിങ്ങൾക്ക് അല്ലാഹുവിൻെറ മഅ്രിഫത്ത് ലഭ്യമാണോ? ഞാൻ പറഞ്ഞു: അതെ. അദ്ദേഹം ചോദിച്ചു. എങ്ങിനെ നിങ്ങൾക്ക് മഅ്രി ഫത്ത് ലഭ്യമായി? ഞാൻ പറഞ്ഞു: രാത്രിയിൽ നിന്നും പകലിനെ പുറപ്പെടുവിക്കുന്നു...... ഞാൻ ചോദിച്ചു. നിങ്ങളുടെ ഈ സ്വലാത്ത് എന്താണ്? അദ്ദേഹം പറഞ്ഞു: ഞാൻ എൻെറ ഉമ്മയുടെ കൂടെ ഹജ്ജിന് പോയി. എൻെറ ഉമ്മ അവിടെവെച്ച് മരണമടഞ്ഞു. അവരുടെ മുഖം കറുത്ത് പോയി. അവരുടെ വയർ വീങ്ങുകയും ചെയ്തു. ഞാൻ മനസി ലാക്കി. ഏതോ ഒരു പാപത്തിൽ എൻെറ ഉമ്മ കുടുങ്ങിയിരുന്നു. ഞാൻ അല്ലാഹുവിനോട് കൈ ഉയർത്തി ദുആ ചെയ്തു. ഞാൻ കണ്ടു. തിഹാമ (ഹിജാസ്)യിൽ നിന്നും ഒരു മേഘം വന്നു. അതിൽനിന്നും ഒരാൾ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം അദ്ദേഹത്തിൻെറ പുണ്യമായ കൈകൊണ്ട് എൻെറ ഉമ്മയുടെ മുഖം തടവി. അതിനാൽ എൻെറ ഉമ്മായുടെ മുഖം പ്രകാശമയമായി.

എൻെറ ഉമ്മയുടെ വയറിൻെറ മേൽ അവരുടെ കൈ ഓടിച്ചു. വീക്കം പാടെ പോയി. ഞാൻ അവരോട് ചോദിച്ചു. തങ്ങൾ ആരാണ്?...... അവർ പറഞ്ഞു: ഞാൻ നി ൻെറ നബിയാണ്. മുഹമ്മദ് സല്ലല്ലാഹു അലൈഹിവസല്ലം അവർകൾ ആണ്. ഞാൻ അപേക്ഷിച്ചു. എനിക്ക് എന്തെങ്കിലും ഒസിയത്ത് ചെയ്താലും റസൂലുല്ലാഹിസല്ലല്ലാഹു അലൈഹി വസല്ലം തങ്ങൾ പറഞ്ഞു: നിങ്ങൾ ഒരടിവെക്കുമ്പോഴും 'അല്ലാഹുമ്മസ്വല്ലി അലാ മുഹമ്മദ്'...... എന്ന് ഓതിക്കൊണ്ടിരിക്കുക. (സ്വലാത്തിൻെറ മഹത്വങ്ങൾ പേജ്, 179, 180)

നബി(സ്വ)യുടെ പേരിൽ സ്വലാത്ത് പ്രാർത്ഥന നടത്തുന്നതിൽ വിശ്വാസികൾക്കി ടയിൽ ഭിന്നാഭിപ്രായം ഉണ്ടാവില്ല. "തീർച്ചയായും അല്ലാഹുവും അവൻെറ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിൻെറ മേൽ (അല്ലാഹുവിൻെറ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക." വി. ക്വു. 33:56. അല്ലാഹുവിൻെറ റസുലിനെ അനുസരിക്കണം. യാതൊരു വിട്ടുവീഴ്ചയും ഇല്ല. അവരാണ് വിശ്വാസികൾ. അവർ നബി(സ്വ)ക്ക് വേണ്ടി സ്വലാത്ത് പ്രാർത്ഥന നടത്തും. അത് മനസി ലാക്കിയവർ നബി(സ്വ)യോട് പ്രാർത്ഥിക്കുകയും ഇല്ല. ഇതുസംബന്ധിച്ച് ധാരാളം ഹദീഥുകളും. അതിൻെറ പുണ്യവും ഹദീഥുകളിൽ കാണാം. പിന്നെ എന്തിനാണ് ഈ നുണക്കഥ?

കഥ മാത്രമല്ല. ഗുരുതരമായ ഒരു ആരോപണവും. നബി(സ്വ)യെ സ്നേഹി ക്കുന്നവർക്കും അനുസരിക്കുന്നവർക്കും ഇത്തരം കഥ വിശ്വസിക്കുവാൻ പറ്റുമോ? വിവാദ കാർട്ടൂണിനേക്കാളും ഗുരുതരം. ഈ കഥ പ്രവാചകനെ പ്രശംസിക്കുകയല്ല. നിന്ദി ക്കുകയാണ്. ആരാൻപെണ്ണിനെ തടവുന്ന കഥ നബി(സ്വ)യുടെ പേരിൽ ചാർത്തിയത് ഒരിക്കലും നിസാരമല്ല. ഈ കഥ പിൻവലിച്ച് ബന്ധപ്പെട്ടവർ നിരുപാധികം മാപ്പ് പറയണം. അല്ലാഹുവിനോട് ഖേദിച്ച് മടങ്ങണം. തൗബ ചെയ്യണം. റസുലുല്ലാഹിയുടെ

പേരിലാണ് കഥ എന്ന് ഓർക്കണം. തീക്കൊള്ളികൊണ്ടാണ് തല ചൊറിയുന്നത്. നബി(സ്വ) അന്യ സ്ത്രീകളെ സ്പർശിക്കാറില്ല. കോഴി ത്വരീഖത്തുകാർക്ക് തെളിവ് ഉണ്ടാക്കി ക്കൊടുക്കുകയാണോ? നബി(സ്വ)യുടെ പേരിൽ കള്ളം പറയുന്ന പരിപാടി അവസാനിപ്പി ക്കണം. വിഷയം ഗൗരവമാണ്. "അലി(റ)യിൽ നിന്ന് നിവേദനം. നബി(സ്വ) പറയുന്നു: നി ങ്ങൾ എന്റെ പേരിൽ കളവ് പറയരുത്. കാരണം ഏതൊരാൾ എന്റെ പേരിൽ കളവ് പറയുന്നുവോ അവൻ നരകത്തിൽ പ്രവേശിക്കും." ബുഖാരി, മുസ്‌ലിം, തുർമുദി, നസാഇ, ഇബ്നുമാജ തുടങ്ങിയവരെല്ലാം ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആരുടെ പേരിലും കളവ് പറയാൻ പാടില്ല. കളവ് തന്നെ പാടില്ല. നബി(സ്വ)യുടെ പേരിലാവുമ്പോൾ വിഷയത്തിന്റെ ഗൗരവം കൂടി. നബി(സ്വ)യെ വിശ്വസിക്കലും അനുസരിക്കലും അനിവാര്യമാണല്ലോ. കളവുകൾ നബി(സ്വ)യുടെ പേരിൽ ഉദ്ധരി ക്കപ്പെട്ടാൽ ആളുകൾ അത് വിശ്വസിക്കും. പ്രത്യാഘാതം ഗുരുതരമാണ്. എല്ലാറ്റിനും പുറമെ നബി(സ്വ)യെക്കുറിച്ച് മഹതി ആയിശ(റ) ഉദ്ധരിക്കുന്നു. "അല്ലാഹു സത്യം. നബി (സ്വ) ഒരിക്കലും ബൈഅത്ത് ചെയ്യുമ്പോൾ ഒരു സ്ത്രീയുടെയും കൈ സ്പർശിക്കാറില്ല. വാക്കുകൾ കൊണ്ട് മാത്രമാണ് അവിടുന്ന് സ്ത്രീകളുമായി ബൈഅത്ത് ചെയ്യാറുള്ളത്." ബുഖാരി 27/3.

നബി(സ്വ)യുടെ ശത്രുക്കൾപോലും അവിടുത്തെ സ്വഭാവഗുണങ്ങൾ എടുത്ത് പറഞ്ഞിരുന്നു. അംഗീകരിക്കുകയും ചെയ്തു. ഓറിയന്റലിസ്റ്റുകളും സയോണിസ്റ്റുകളും നബി(സ്വ)യെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചു. അതുപോലുള്ള കരു കഥയാണ് ഇവിടെ തബ്ലീഗുകാർ പടച്ചുണ്ടാക്കിയത്. ഇത് സ്വപ്നമാണെന്ന് നുണക്കഥയിൽ ഇല്ലതാനും. ഈ പുസ്തകത്തിൽ 'ജാമി'യുടെ കവിതയുണ്ട്. അതിൽ നബി(സ്വ)യോട് നേരിട്ട് നടത്തുന്ന പ്രാർത്ഥനയും ഉണ്ട്. അതിന്റെ പരിഭാഷ പുസ്തകത്തിൽ ഉണ്ട്. "തങ്ങളുടെ വേർപാടുമൂലം ലോകത്തുള്ള ഓരോ അണുക്കളും ശ്വാസംമുട്ടി മരിക്കാൻ പോകുന്നു. അല്ലാഹുവിന്റെ പ്രവാചകരേ! കരുണാകടാക്ഷം ചൊരിഞ്ഞാലും. അവസാന നബിയായി ട്ടുള്ളവരെ കരുണ ചൊരിഞ്ഞാലും." പേ. 197

നബി(സ്വ)യോടുള്ള പ്രാർത്ഥന തുടരുന്നു. "യത്രിബി(മദീന)ന്റെ പർദ്ദയിൽ വി ശ്രമിക്കുന്നവരേ! ഉണർന്നാലും! കിഴക്കും പടിഞ്ഞാറും നാശത്തിൽ ആണ്ടിരിക്കുന്നു. കരകയറ്റി രക്ഷിച്ചാലും." "ബലഹീനൻമാരുടെ കരം പിടിച്ചാലും, കഴിവില്ലാത്തവരെ സഹായിച്ചാലും യഥാർത്ഥമായി തങ്ങളെ പ്രേമിക്കുന്നവരുടെ ഹൃദയങ്ങളെ സാന്ത്വനപ്പെടുത്തിയാലും." ആ വരികൾ മുഴുവനും ശിർക്കും പ്രേമവും മുഴുത്ത് നി ൽക്കുന്നു. ഒരു പ്രേമ വരി കാണാം. "തങ്ങളുടെ പുണ്യമായ മിമ്പറിന്റെ അടുക്കൽ ഞങ്ങൾ പോയി. അതിന്റെ മുബാറക്കായ കാലുകളെ, പ്രേമദുഃഖം കൊണ്ട് മഞ്ഞളിച്ചുപോയ ഞങ്ങളുടെ മുഖത്തെ ആ തൂണിൽ ഉരച്ച് ഉരച്ച് അതിനെ കൂടുതൽ തിളക്കവും മിനുസവും ഉള്ളതാക്കട്ടെ. അതിനുള്ള ആ സുവർണ ദിനം എന്നുവരും?" ഇവരുടെയൊക്കെ തബ്ലീഗ്? ഇത് പ്രചരിപ്പിക്കാനാണ് നാട് മുഴുവൻ കൂട്ടംകെട്ടി നടക്കുന്നത്? അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവികൽ നിന്ന് നിങ്ങൾക്കായി അവതരിക്കപ്പെട്ടത് നിങ്ങൾ പി

ൻപറ്റുക. അവന് പുറമെ മറ്റ് രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസിലാക്കുന്നുള്ളു.'' വി.ക്വു. 7:3.

നാട്ടിൽ പതിനായിരത്തിൻെറ ആശയാദർശങ്ങളല്ല വിശ്വാസികൾക്കുള്ളത്. വിശുദ്ധ ക്വുർആനും തിരുസുന്നത്തുകളുമാണ് അവർ പിൻപറ്റുക. അതാണ് ചൊവ്വായ പാത. ''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്.'' 33:21

ശൈഖ് മുഹമ്മദ് സകരിയ്യാ മേൽ കിത്താബിൽ മുല്ലജാമിയുടെ ഒരു നുണക്കഥ ഉദ്ധരിക്കുന്നു. ''മൗലാന ജാമിഈ സ്തുതിഗീതം രചിച്ചതിനുശേഷം ഹജ്ജിനുവേണ്ടി വരികയുണ്ടായി. അപ്പോൾ അദ്ദേഹത്തിൻെറ മനസിലെ ആഗ്രഹം പുണ്യമായ റൗളാ ശരീഫിൻെറ മുമ്പിൽ നിന്നുകൊണ്ട് ഈ ബൈത്ത് (സ്തുതിഗീതം) സ്വന്തം ചൊല്ലണമെന്നായിരുന്നു. ഹജ്ജ് കഴിഞ്ഞ് മദീനയിലേക്ക് പോകാൻ തീരുമാനിച്ചു. മക്കയിലെ അമീർ റസലുല്ലാഹി സല്ലല്ലാഹു അലൈഹി വസല്ലം തങ്ങളെ സ്വപ്നത്തിൽ കണ്ടു. നബി സല്ലല്ലാഹു അലൈഹി വസല്ലം തങ്ങൾ അദ്ദേഹത്തോട് സ്വപ്നത്തിൽ പറഞ്ഞു. ഹസ്റത്ത് ജാമി(റഹ്) അവർകളെ മദീനയിലേക്ക് പോകാൻ അനുവദിക്കരുത്. മക്കയിലെ അമീർ അദ്ദേഹത്തെ മദീനയിലേക്ക് പോകുന്നത് തടുത്തെകിലും അദ്ദേഹത്തിന് മദീനയിലേക്ക് പോകണമെന്നുള്ള ആശയും ആവേശവും വളരെ കൂടുതലായി. ആരും കാണാതെ മദീനയിലേക്ക് പോയി. മക്കയിലെ അമീർ വീണ്ടും റസൂലുല്ലാഹി സല്ലല്ലാഹു അലൈഹി വസല്ലം തങ്ങളെ സ്വപ്നം കണ്ടു. റസൂലുല്ലാഹി സല്ലല്ലാഹു അലൈഹിവസല്ലം തങ്ങൾ പറഞ്ഞു. അദ്ദേഹം ഇതാ വന്നുകൊണ്ടിരിക്കുന്നു. അദ്ദേഹത്തെ വരാൻ അനുവദിക്കരുത്.

അമീർ അവർകൾ ആളുകളെ നാനാഭാഗത്തേക്കും അയച്ച് അദ്ദേഹത്തെ പിടിച്ചുകൊണ്ടുവന്നു. അദ്ദേഹത്തോടു കടുപ്പമായി പെരുമാറി. ജയിലിൽ അടച്ചു. ഇതിൻെറ പേരിൽ വീണ്ടും മക്കയിലെ അമീർ റസൂലുല്ലാഹി സല്ലല്ലാഹു അലൈഹി വസല്ലം തങ്ങളെ സ്വപ്നം കണ്ടു. നബി സല്ലല്ലാഹു അലൈഹി വസല്ലം തങ്ങൾ പറഞ്ഞു. അദ്ദേഹം കുറ്റക്കാരനൊന്നുമല്ല. അദ്ദേഹം ചില പദ്യങ്ങൾ എഴുതീട്ടുണ്ട്. അത് എൻെറ ഖബ്റിൻെറ അടുക്കൽ വന്ന് ചൊല്ലാൻ വിചാരിക്കുന്നു. അങ്ങിനെ അദ്ദേഹം ചെയ്താൽ ഞാൻ ഖബ്റിൽ നിന്നും കൈനീട്ടി അദ്ദേഹത്തെ മുസാഫഹത്ത് ചെയ്യേണ്ടിവരും. അത് ചിന്താക്കുഴപ്പങ്ങൾക്ക് കാരണമാകും. ഈ സ്വപ്നം കണ്ടതിൻെറ പേരിൽ അദ്ദേഹത്തെ ജയിലിൽ നിന്നും വിമുക്തനാക്കി. വളരെ ബഹുമാനത്തോടുകൂടി അദ്ദേഹത്തെ കൊണ്ടു വരികയും ആദരവ് കാണിക്കുകയും ചെയ്തു.'' തബ്ലീഗ് നിസാബ് പേ. 803. സ്വലാത്തിൻെറ മഹത്വങ്ങൾ പേ. 195.

തുടർന്ന് സക്കരിയ്യാ പറയുന്നു: ''ഈ സംഭവത്തിൽ സംശയിക്കേണ്ട ആവശ്യമില്ല. സയ്യിദ് അഹ്മദ് രിഫാഇ (റഹ്) പ്രസിദ്ധനായ മഹാനാണ്. ഉന്നതരായ സൂഫിയാക്കളിൽപെട്ടവരാണ്. അദ്ദേഹത്തിൻെറ സംഭവം പ്രസിദ്ധമാണ്.'' അ.പു. 195. അത് നമുക്ക്

ഫദാഇലെ ഹജ്ജിൽ നിന്ന് ഉദ്ധരിക്കാം. റിഫായിയെ പ്രകീർത്തിച്ചുകൊണ്ടാണ് ഫദാഇലുകാരൻ പറയുന്നത്. ''അദ്ദേഹം (രിഫായി) ഹിജ്റ 555-ൽ ഹജ്ജ് കഴിഞ്ഞ് സിയാറത്തിനായി പോയപ്പോൾ പരിശുദ്ധ ഖബറിനുനേരെ നിന്നുകൊണ്ട് താഴെ പറയുന്ന പദ്യം ചൊല്ലി. ''ഫീഹാലത്തിൽ ബുഅ്ദിറൂഹി കുൻത്തു ഉർസിലുഹാ - തുഖബ്ബിലുൽ അർദ അന്നീ ബഹിയ നാഇബത്തീ......

സാരം. ദൂരെ ആയിരുന്ന അവസ്ഥയിൽ ഞാൻ എന്റെ റൂഹിനെ പരിശുദ്ധ സന്നിധിയിലേക്ക് അയച്ചിരുന്നു. അത് എനിക്ക് പകരമായിട്ട് പരിശുദ്ധ ഭൂമിയെ ചുംബിച്ചിരുന്നു. ഇന്ന് ശരീരങ്ങൾ ഹാജരായിരിക്കുന്ന സന്ദർഭമാണ്. തങ്ങളുടെ അനുഗ്രഹീതകരം നീട്ടിയാലും. എന്റെ ചുണ്ടുകൾ അത് ചുംബിച്ച് ഭാഗ്യമടയട്ടെ. ഉടനെ തന്നെ പരിശുദ്ധ ഖബറിൽ നിന്നും അനുഗ്രഹീതമായ തൃക്കൈ വെളിയിലേക്കുവരികയും അദ്ദേഹം അത് ചുംബിക്കുകയും ചെയ്തു. ഈ സമയം മസ്ജിദുന്നബവിയ്യയിൽ തൊണ്ണൂറായിരം പേർ ഉണ്ടായിരിക്കുകയും അവരെല്ലാം ഈ സംഭവം കണ്ടു എന്നുപറയപ്പെടുകയും ചെയ്തിരിക്കുന്നു. നബിതങ്ങളുടെ അനുഗ്രഹീത കരം ദർശിച്ച് ചുംബിച്ച സംഭവം കണ്ടവരിൽ ഹള്റത്ത് മഹ്ബൂബ് സുബ്ഹാനി ഖുതുബ് റബ്ബാനി അബ്ദുൽ ഖാദിർ ജീലാനി അവർകളും ഉണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു.'' ഫദാഇലെ ഹജ്ജ് 349

ഇത്തരം കഥകൾ അവരിൽ എമ്പാടും സ്റ്റോക്കുണ്ട്. രിഫാഇക്കഥ നമ്മുടെ നാട്ടിലെ സമസ്തക്കാർ വിശ്വസിച്ചും പ്രചരിപ്പിച്ചും പോരുന്നു. രണ്ട് കൂട്ടരും തമ്മിലുള്ള അകലം ഈ വിഷയത്തിൽ വളരെ കുറയുന്നതായി ബോധ്യമാവും.